വയനാട് ജില്ലയിൽ യാത്രിനിവാസ് സ്ഥാപിക്കാൻ നടപടി

7 [1785] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ പി. ജെ. ജോയി:
„ എം. പി. ഗംഗാധരൻ:
„ കെ. സി. ജോസഫ്:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യമേർപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്നറിയിക്കാമോ;

(ബി) വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ എവിടെയെല്ലാം യാത്രി നിവാസ് സ്ഥാപിച്ചിട്ടുണ്ട്;

(സി) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിൽ യാത്രിനിവാസ് സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ വയനാട് ജില്ലയിൽ യാത്രിനിവാസ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യമേർപ്പെടുത്തുവാൻ ടൂറിസം വകുപ്പ് യാത്രി നിവാസുകൾ, ടൂറിസ്റ്റ് കോംപ്ലക്സുകൾ, എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ കുറഞ്ഞ ചെലവിൽ സ്വകാര്യ മേഖലയിൽ ഇടത്തരം ഹോട്ടലുകളും നിലവിലുണ്ട്. 'ഹോംസ്റ്റേ' പദ്ധതിയും വകുപ്പ് പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, ചങ്ങനാശ്ശേരി, ഗുരുവായൂർ, പീരുമേട്, തിരുനെല്ലി, കൊണ്ടോട്ടി, മണ്ണാർക്കാട്, കാലടി എന്നിവിടങ്ങളിലാണ് യാത്രി നിവാസുകൾ സ്ഥാപിച്ചിട്ടുള്ളത്.

(സി) വയനാട്ടിലെ തിരുനെല്ലിയിൽ യാത്രി നിവാസ് സ്ഥാപിച്ചിട്ടുണ്ട്.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly